LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

124 (2620) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ചുള്ള ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) രജിസ്ട്രേഷൻ വകുപ്പിലെ പല സബ് രജിസ്ട്രാർമാർക്കും സ്ഥലം രജിസ്റ്റർ ചെയ്യാൻ അനുവദിക്കാതെ ആധാരം ഇംപൗണ്ട് ചെയ്യുകയോ സ്റ്റാമ്പ് ഡ്യൂട്ടി പിഴ പലിശ സഹിതം ആവശ്യപ്പെടുകയോ ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സഹകരണ സംഘങ്ങൾക്ക് അവയുടെ സ്വന്തം ബിസിനസ്സ് ആവശ്യാർത്ഥം സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകണമെന്ന നിബന്ധന കൃത്യമായി പാലിക്കാൻ എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ & ബി) സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള 08.10.1960-ലെ G.O. (Ms) 795/60/Agri. നമ്പർ ഉത്തരവ് (SRO No. 75/60) പ്രകാരം അർഹതയുള്ള ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചുവരുന്നുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. G.O. (Ms) 795/60/Agri. നമ്പർ ഉത്തരവിന്റെ ലക്ഷ്യപ്രാപ്തി (scope) വിശദമായി പരിശോധിക്കുന്നതിനായി ഒരു ഫുൾ ബഞ്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി WA 1216/07 തുടങ്ങിയ കേസുകളിൽ ഉത്തരവായിരുന്നു. ഫുൾബഞ്ചിന്റെ 18-12-14-ലെ ഉത്തരവിൽ താഴെപ്പറയുന്ന നിയമതത്വങ്ങൾ പ്രഖ്യാപിക്കപ്പെട്ടു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. SRO No. 75/60 issued under section 35 of the TC Act and section 30 of the Madras Act is saved by virtue of section 110 (2) of the Kerala Act only to the extent it is not inconsistent with the provisions of the Kerala Act.

2. SRO No. 75/60 should be understood within the limitations of section 110 (2) and 40 (1) (a) of the Kerala Act.

3. The benefit of remission of stamp duty is available only in respect of instruments executed by or on behalf of a society or by an officer or member thereof and instrument so executed should be relating to the business of the society.

4. The benefit of remission can be claimed by the society only if, but for such remission, the society, an officer or the member as the case may be, would have been liable to pay such stamp duty.

മേൽപ്പറഞ്ഞ ഹൈക്കോടതി ഉത്തരവ് പ്രകാരം ഓരോ ആധാരവും പരിശോധിച്ച് സബ് രജിസ്ട്രാർ മുദ്രപത്ര നിയമം 33-ാം വകുപ്പ് പ്രകാരം ആധാരങ്ങൾ ചില കേസുകളിൽ ബന്തവസ് നടപടിക്ക് വിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 8-10-1960-ലെ G.O. (Ms) 795/60/Agri. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുദ്ര ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഉത്തരവിന്റെ നിയമ സാധുത സർക്കാർ പരിശോധിച്ചുവരികയാണ്. WA 1216/07 തുടങ്ങിയ കേസുകളിൽ ഹൈക്കോടതിയുടെ ഫുൾബെഞ്ചിന് 8-10-1960-ലെ SRO No. 75/1960-ന്റെ ലക്ഷ്യവ്യാപ്തി (scope) ആയിരുന്നു റഫർ ചെയ്യപ്പെട്ടത്. ഫുൾബെഞ്ച് 18-12-2014-ന് പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാമതായി സൊസൈറ്റി അംഗത്തിൽനിന്ന് വസ്തുവാങ്ങുന്ന ആധാരങ്ങളുടെ വിഷയമാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ടി ഉത്തരവിന്റെ 23-ാം ഖണ്ഡികയിൽ താഴെപ്പറയുന്ന പ്രകാരം വ്യക്തമാക്കിയിരിക്കുന്നു :

" If a member of the society is executing a document in his own capacity or in the capacity of a guardian of a minor he cannot avail the benefit of remission of stamp duty." ആയതിനാൽ ഫുൾ ബെഞ്ചിന്റെ ഉത്തരവിലെ 23-ാം ഖണ്ഡികയിലും ഖണ്ഡിക 26(3)-ലും അംഗം ഒപ്പിടുന്നത് ഭൂമിയുടെ ഉടമ എന്ന നിലയിൽ മാത്രമായതിനാലും സൊസൈറ്റിയുടെ പ്രതിനിധി

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയിൽ അല്ലാത്തതിനാലും ആധാരത്തിന് ഡ്യൂട്ടി ഇളവിന് അർഹത യില്ലെന്നാണ് ഫുൾ ബഞ്ച് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇക്കാര്യം WP(C) 1765/15 കേസിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് പരിഗണിക്കുകയും 13-3-2015-ന്റെ വിധിന്യായത്തിൽ ഫുൾ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിധി പറയുകയും ചെയ്തു. വിധിയുടെ രണ്ടാം ഖണ്ഡികയിൽ വസ്തുഉടമ T.P. ആക്ടിലെ 55-ാം വകുപ്പ് പ്രകാരം വസ്തുഉടമ എന്ന നിലയിൽ മാത്രം ആധാരത്തിൽ ഒപ്പിടുന്നത് സൊസൈറ്റിയുടെ പേരിൽ ഒപ്പിടുന്നതായി കണക്കാക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. സിംഗിൾ ബഞ്ച് വിധിക്കെതിരെ ഫയൽ ചെയ്യപ്പെട്ട WA 630/15 നമ്പർ റിട്ട് അപ്പീലിൽ 17-3-2015-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡിവിഷൻ ബഞ്ച്, സിംഗിൾ ബഞ്ച് ഉത്തരവ് ശരിവച്ചു. പ്രസ്തുത വിധിക്കെതിരെ ഹർജിക്കാരായ കേരള ലാന്റ് റിഫോംസ് & ഡെവലപ്മെന്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4482 എന്ന സഹകരണ സ്ഥാപനം സുപ്രീം കോടതിയിൽ SLP (C) No. 13416/2015 ആയി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നതിനാൽ സുപ്രീം കോടതിവിധി പുറപ്പെടുവിച്ചാൽ മാത്രമെ ഈ വിഷയത്തിൽ തീരുമാനമാവുകയുള്ളൂ. ആയതിനാൽ ഈ വിഷയത്തിൽ സബ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാൻ നിയമപരമായി ഇപ്പോൾ കഴിയുന്നതല്ല.

ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ

125 (2621) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺ ലൈൻ വഴി ആക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തീകരി ക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനകം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കാനായി എന്ന് അറിയിക്കാമോ ; ഇതിന്റെ നടപടിക്രമം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly